04 NOVEMBER

The mic times

Official newsletter of PG Department of JMC, MIC Arts & Science College, Athanikkal

youtube.com/micpoint
instagram.com/mic_mcj.official

# MIC കോളേജിൽ പുതിയ വിദ്യാർത്ഥി യൂണിയൻ അധികാരത്തിലേറി



*സത്യപ്രതിജ്ഞ ചെയ്ത യൂണിയൻ ഭാരവാഹികളും അധ്യാപകരും*

അത്താണിക്കൽ എം.ഐ.സി. ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ വിദ്യാർത്ഥി യൂണിയൻ ഭാരവാഹികൾ ഒക്ടോബർ 23 ന് സത്യപ്രതിജ്ഞ ചെയ്തു. കഴിഞ്ഞ മാസം 10 ന് നടന്ന യൂണിയൻ തിരഞ്ഞെടുപ്പിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഇരുപത് സ്ഥാനങ്ങളിലേക്കാണ് സത്യപ്രതിജ്ഞ നടന്നത്. ചടങ്ങിൽ, പ്രിൻസിപ്പൽ പി. അബ്ദുൽ റഷീദ് സത്യവാചകം ചൊല്ലിക്കൊടുത്തു.

ജാസിർ മുഹമ്മദ്.എ ചെയർപേഴ്സണായും, ഫാത്തിമ ഷിഫ്നാ കെ വൈസ് ചെയർപേഴ്സണായും പ്രതിജ്ഞ ഏറ്റുചൊല്ലി.

അർഷാദ് താരി ജനറൽ സെക്രട്ടറി, ബാസില സി കെ ജോയിൻറ് സെക്രട്ടറി, ബാസില സി. കെ. ജോയിൻ സെക്രട്ടറി,ഫൈനൽ സെക്രട്ടറി മുഹമ്മദ് അൻഷിഫ് പി. യു.യു.സി മുഹമ്മദ് ഷിയാഫ് സി. ഷഫ നസ്റിൻ സി.ജനറൽ ക്യാപ്റ്റൻ, ഹസ്സൻ മുഹമ്മദ് റായിസ് സ്റ്റുഡന്റ് എഡിറ്റർ, മുഹമ്മദ് ജംഷാദ് പി. ട്ടി സത്യപ്രതിജ്ഞ ചെയ്തു.

കോളേജ് മാനേജ്മെന്റും സ്റ്റാഫും പുതിയ യൂണിയനെ പൂർണമായി പിന്തുണയ്ക്കുമെന്ന് പ്രിൻസിപ്പൽ ഉറപ്പ് നൽകി. അക്കാദമിക് കോർഡിനേറ്റർ ഫൈസൽ ശബാബ്, യൂണിയൻ ഉപദേഷ്ടാവ് നംശീർ എന്നിവർ സംബന്ധിച്ചു.

# വയോജനങ്ങൾക്ക് കംമ്പ്യൂട്ടർ സാക്ഷരതയുമായി വിദ്യാർഥികൾ



*വിദ്യാർത്ഥികൾ കമ്പ്യൂട്ടർ പരിശീലനം നൽകുന്നു*

പൂക്കോട്ടൂർ വയോജനങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരതയുമായി വിദ്യാർത്ഥികൾ.എൻ.എസ്.എസ് വിദ്യാർഥികളാണ് വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിശീലനം നൽകിയത്.

ലോക വിവര വികസന ദിനത്തോടനുബന്ധിച്ച് തുടക്കം കുറിച്ച പരിശീലന ക്ലാസിലാണ് വിദ്യാർത്ഥികൾ അധ്യാപകരായത്.കോളേജിന്റെ പരിസര പ്രദേശങ്ങളിലുള്ള വയോജനങ്ങളാണ് വിദ്യാർത്ഥികളായി കോളജിൽ എത്തിയത്. കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് ഒരുമാസക്കാലം വയോജനങ്ങൾക്ക് കംമ്പ്യൂട്ടർ പരിജ്ഞാനം നൽകാനാണ് പദ്ധതി.

എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഫൈസൽ ശബാബ്, വിദ്യാർത്ഥി കോഡിനേറ്റർമാരായ മുഹമ്മദ് ആശിഖ്, ഫാത്തിമ അംന നേതൃത്വം നൽകി. ഇർഫാൻ, ജസ്‌ലീന, നിഷാദ്, റജ എന്നിവർ പരിശീലകരായി.

# സ്റ്റാഫ് ക്ലബ് എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു

സ്റ്റാഫ് ക്ലബ് കോളേജിൽ 2024 25 അധ്യായന വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി പ്രഖ്യാപിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ: പ്രസിഡന്റ്: ഫൈസൽ ഷബാബ് പി ജനറൽ സെക്രട്ടറി: അഷറുദ്ധീൻ വി ട്രഷറർ: മുഹമ്മദ് മുസ്തഫ സി വൈസ് പ്രസിഡന്റ്: ജസീൽ റഹ്മാൻ വൈസ് പ്രസിഡന്റ്: അമീർ അലി എ കെ ജോയിന്റ് സെക്രട്ടറി: റഹീസ് കെ ജോയിന്റ് സെക്രട്ടറി: ലുബ്ന പി.കെ




# എം.ഐ.സിയുടെ ഫുട്ബോൾ ആവേശം

# ബി സോണിൽ വിജയം

കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി സോൺ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് 2024-25 തുടക്കം കുറിച്ചു. 2024 ഒക്ടോബർ 17 മുതൽ 29 വരെ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ടൂർണമെന്റ് മുൻനിര ടീമുകൾ തമ്മിലുള്ള കടുത്ത മത്സരം നടന്നു.കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി സോൺ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ എം.ഇ.എസ് കുറ്റിപ്പുറത്തിനെ 6:1 സ്കോർ പരാജയപ്പെടുത്തി എം.ഐ.സി അത്താണിക്കൽ ജേതാവായി. ഫൈനൽ മത്സരത്തിൽ എൻ.സി.എസ്.ടി. കോളേജിനെ പരാജയപ്പെടുത്തി എം.ഐ.സി ജേതാക്കളായി.




*ടീം അംഗങ്ങളും പരിശീലകരും*

# മറുനാട് തേടുന്ന മലയാളി വിദ്യാർത്ഥികൾ...

കേരളത്തിൽ നിന്ന് വിദേശത്ത് ഉന്നതപഠനത്തിനു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് പൊതുശ്രദ്ധയിലെത്തിച്ച് നിയമസഭയിൽ മാത്യു കുഴൽനാടൻ എം.എൽ.എ പ്രസംഗിച്ചത് ഇങ്ങനെയാണ്:

“കേരളത്തിൽ എം.ബി.എ, സിവിൽ/മെക്കാനിക്കൽ എൻജിനിയറിംഗ് ബിരുദം എന്നിവയുള്ള ഉദ്യോഗാർത്ഥിക്ക് വാഗ്ദാനം ചെയ്യുന്ന ശരാശരി ശമ്പളം 10,000, 14,000 രൂപയാണ്. ഇക്കാരണം കൊണ്ട്, സംസ്ഥാനത്ത് പ്ലസ് ടു പാസാകുന്ന ഒരു കുട്ടി, എങ്ങനെയും വിദേശത്തു കടക്കണമെന്നാണ് ചിന്തിക്കുക. അതേസമയം, സ്വകാര്യമേഖലയിലെ ഐ.ടി പ്രൊഫഷണലുകൾക്ക് ന്യായമായ ശമ്പളമാണ് നൽകുന്നത്.

കേരളത്തിൽ അനുയോജ്യമായ ജോലികൾ ലഭ്യമല്ല എന്നതാണ് കുട്ടികൾ വിദേശ പഠനം തിരഞ്ഞെടുക്കുന്നതിനുള്ള കാരണം. രണ്ടാമത്തെ കാരണം വിദേശ വിദ്യാഭ്യാസത്തിന്റെ ഉയർന്ന നിലവാരമാണ്. മോശം വേതനം, പ്രതികൂല സാമൂഹികാവസ്ഥ, നാട്ടിൽ കൈവകുന്ന മെച്ചപ്പെട്ട സാമൂഹിക നില, ലിംഗ പക്ഷപാതം തുടങ്ങിയവയാണ് മറ്റു കാരണങ്ങൾ. ഭൂരിഭാഗം വിദ്യാർത്ഥികളും സ്കോളർഷിപ്പില്ലാതെ വിദേശത്തു പഠിക്കുന്നു. ചെലവിനുള്ള പണം അവർ കുടുംബത്തിൽ നിന്നോ ലോൺ വഴിയോ നേടുന്നു.

ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിലെ ഒരു പ്രശ്നം, ഏറ്റവും പ്രചാരമുള്ള STEM (സയൻസ്, ടെക്നോളജി, എൻജിനിയറിംഗ്, മാത്തമാറ്റിക്സ്) കോഴ്സുകൾ മാത്രമേ അക്കാദമിക് സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്നുള്ളൂ എന്നതാണ്. പാരമ്പര്യേതര പാത സ്വീകരിക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ ഒരു ഉപവിഭാഗം അവരുടെ ഉന്നത വിദ്യാഭ്യാസം വിദേശത്ത് പ്രോത്സാഹിപ്പിക്കാൻ നിരന്തരം നോക്കുന്നു, കാരണം അവർ ആഗ്രഹിക്കുന്ന സ്റ്റഡിപ്രോഗ്രാം രാജ്യത്ത് വ്യാപകമായി വാഗ്ദാനം ചെയ്യപ്പെടുന്നില്ല. കോഴ്സ് ഓഫർ ചെയ്താലും, കൂടുതൽ പ്രൊഫഷണൽ പുരോഗതിക്കു കഴിവുള്ള വ്യക്തികളെ സജ്ജരാക്കാനുള്ള വൈദഗ്ദ്ധ്യവും അക്രഡിറ്റേഷനും ഇന്ത്യയിലെ സർവകലാശാലകൾക്ക് ഇല്ല എന്നതും കാരണമാണ്.

കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ വിദേശത്തേക്ക് അയച്ചത് തെലങ്കാനയും ആന്ധ്രാപ്രദേശുമാണ്. വിദേശ വിദ്യാഭ്യാസത്തിന് ഇന്ത്യയിൽ നിന്നു പോയ വിദ്യാർത്ഥികളിലെ 12.5 ശതമാണമിത്. വിദേശത്തേക്കു പോകുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളുടെ കണക്ക് ഇങ്ങനെ: പഞ്ചാബ്, തെലങ്കാന, മഹാരാഷ്ട്ര (12.5ശതമാനം), ഗുജറാത്ത്, ഡൽഹി, തമിഴ്നാട് (എട്ട് ശതമാനം), കർണാടക (ആറ് ശതമാനം), മറ്റു സംസ്ഥാനങ്ങളിൽ നിന്ന് 33ശതമാനം. 2012 ൽ വിദേശത്തുള്ള ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം 40 ലക്ഷമായിരുന്നെങ്കിൽ 2025 ൽ അത് 75 ലക്ഷം കവിയും. ഫെബ്രുവരിയിൽ പാർലമെന്റിൽ വിദ്യാഭ്യാസ മന്ത്രാലയം സമർപ്പിച്ച ഡാറ്റയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 68 ശതമാനം വർദ്ധനവുണ്ട്.

നിലവിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ 54 രാജ്യങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തിൽ കേരളത്തിൽ നിന്ന് ഏകദേശം 1.5 ദശലക്ഷം പേർ വിദേശത്ത് ജോലി ചെയ്യുകയോ ഉന്നത വിദ്യാഭ്യാസം നേടുകയോ ചെയ്യുന്നുണ്ട്. കേരളത്തിലെ സർവകലാശാലകളിൽ നിന്നുള്ള ബിരുദധാരികളിൽ 12ശതമാനം വിദേശത്ത് വിദ്യാഭ്യാസം തുടർന്നതായാണ് കണക്ക്. അതിൽ യു.എസ്, യു.കെ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളാണ് അധികം പ്രിയപ്പെട്ടവ. 2019ൽ കേരളത്തിൽ നിന്ന് 30,948 വിദ്യാർത്ഥികൾ വിദേശയാത്ര നടത്തിയതായി വിദേശകാര്യ മന്ത്രാലയവും റിപ്പോർട്ട് ചെയ്യുന്നു.

മെച്ചപ്പെട്ട പഠനവും പഠനാനന്തര വേതനവും ജീവിത നിലവാരവും ഉറപ്പ് വരുത്താനായാൽ ഒരു പരിധി വരെ മറുനാട് തേടുന്ന ഇത്തരം പ്രവണതകളെ തടയാം എന്നാണ് മനസ്സിലാകുന്നത്.

**ഫൈസൽ ശബാബ്**
**അക്കാദമിക് കോഡിനേറ്റർ**

## റോയൽ മ്യൂസിക് ബാൻഡിനൊപ്പം വിജയദിനം ആഘോഷിച്ചു

കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ റോയൽ മ്യൂസിക് ബാൻഡിന്റെ തത്സമയ പ്രകടനം അവതരിപ്പിച്ചുകൊണ്ട് ആവേശത്തോടെ വിജയദിനം ആഘോഷിച്ചു. ഒക്ടോബർ 23 ന് ഉച്ചയ്ക്ക് 2:00 മണിക്ക് നടന്ന പരിപാടിയിൽ വിദ്യാർത്ഥികൾ, അധ്യാപകർ, എന്നിവരിൽ നിന്ന് ആവേശകരമായ പങ്കാളിത്തം ലഭിച്ചു.റോയൽ മ്യൂസിക് ബാൻഡിന്റെ മാസ്മരിക പ്രകടനത്തോടെ കോളേജ് കാമ്പസ് സജീവമായി.

കോളേജ് 2024 സീസണിലെ ഫുട്ബോൾ ടീം ജേഴ്സി വെളിപ്പെടുത്തൽ ചടങ്ങ് ഒക്ടോബർ 21 ന് ഉച്ചകഴിഞ്ഞ് 3:00 മണിക്ക് കോളേജ് കാമ്പസിൽ നടന്നു.




## പുരോഗതിയുടെയും വികസനത്തിന്റെയും ൬൪ വർഷങ്ങൾ

നവംബർ 1 ന് കേരള ദിനം ആഘോഷിക്കുകയും കേരള സംസ്ഥാനത്തിന്റെ അടിത്തറയെ ആദരിക്കുകയും ചെയ്യുന്നു. കേരളപ്പിറവി എന്നാണ് ഇതിനെ സാധാരണയായി വിളിക്കുന്നത്. ജനനം എന്നർത്ഥം വരുന്ന പിറവി എന്ന മലയാള വാക്കിൽ നിന്നാണ് ഇത് ഉരുത്തിരിഞ്ഞത്, അത് കേരളപ്പിറവിയെ സൂചിപ്പിക്കുന്നു. ഈ ദിനം മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഏകീകരിച്ച് ഒരൊറ്റ സംസ്ഥാനമായി ആചരിക്കുന്നു.

സാധാരണയായി, സ്ത്രീകൾക്ക് കസവു സാരിയും പുരുഷന്മാർക്ക് മുണ്ടും പോലുള്ള പരമ്പരാഗത വസ്ത്രങ്ങളാണ് ആളുകൾ ഈ ദിവസം ധരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമൂഹികവും ഭാഷാപരവുമായ പാരമ്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മലയാള ഭാഷാ വാരങ്ങൾ അല്ലെങ്കിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

1956 നവംബർ 1 ന്, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് 10 വർഷത്തിനുശേഷം, മലയാളം സംസാരിക്കുന്ന മൂന്ന് പ്രദേശങ്ങൾ സംയോജിപ്പിച്ച് കേരളം സ്ഥാപിതമായി. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങൾ നേരത്തെ സ്വതന്ത്രമായ അസ്തിത്വങ്ങളായി നിലനിന്നിരുന്നു. സ്വാതന്ത്ര്യം നേടിയ ശേഷം, തിരുവിതാംകൂറും കൊച്ചിയും ചേർന്ന് 1949 ജൂലൈ 1 ന് തിരുവിതാം കൂർകൊച്ചിയായി മാറി. അങ്ങനെ, 1956 നവംബർ 1ന് തിരുവിതാംകൂർ കൊച്ചി മലബാറും സൗത്ത് കാനറയിലെ കാസർ ഗോഡ് താലൂക്കുമായി സംയോജിച്ചു, സംസ്ഥാന പുന“സംഘടന നിയമപ്രകാരം കേരളത്തിന്റെ പ്രദേശത്തിന്റെ വികസനത്തിന് കാരണമായി. സംസ്ഥാന രൂപീകരണത്തെ സൂചിപ്പിക്കുന്ന ഈ മഹത്തായ ദിനം കേരള ദിനമായി വാഴ്ത്തപ്പെടുന്നു.

കേരളപ്പിറവിയുടെ പ്രാധാന്യം എന്നുവച്ചാൽ കേരളത്തിലെ വ്യക്തികൾക്ക് അഭിമാനത്തിന്റെയും ആഘോഷത്തിന്റെയും ദിനമാണ് കേരള ദിനം. ഇത് മലയാളം സംസാരിക്കുന്ന ജനങ്ങളുടെ ഐക്യദാർഢ്യത്തെയും അവരുടെ അസാധാരണമായ സാമൂഹികവും ഭാഷാപരവുമായ സ്വഭാവത്തെയും പ്രതിനിധീകരിക്കുന്നു. സംസ്ഥാന രൂപീകരണത്തെ പിന്തുണച്ച പയനിയർമാരുടെയും പ്രവർത്തകരുടെയും ശ്രമങ്ങളെയും ത്യാഗങ്ങളെയും സ്മരിക്കുന്ന ഒരു അവിസ്മരണീയ സംഭവമാണിത്.

## എജുക്കേഷൻ “യോഗ ഫോർ wellbeing “ സംഘടിപ്പിച്ചു

ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എജുക്കേഷന്റെ നേതൃത്വത്തിൽ yoga for wellbeing' പരിപാടി സംഘടിപ്പിച്ചു .പരിപാടിക്ക് ഉദ്ഘാടനം ചെയ്തത് കോളേജ് പ്രിൻസിപ്പൽ അബ്ദുൾ റഷീദാണ്. പരിപാടിയുടെ മുഖ്യാഥിതി ഹമ്രാസ് അഹമദ് യോഗയുടെ പ്രാധാന്യത്തെക്കുറിച്ചും അത് നിത്യജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുന്നു എന്നതിനെക്കുറിച്ചും പറഞ്ഞുവെച്ച് പരിപാടി അവസാനിച്ചത്.

## മസ്ജിദ് ഉദ്ഘാടനം

കോളേജിൽ പഠിക്കുന്ന ആയിരത്തോളം വരുന്ന കുട്ടികൾക്ക് പ്രാർത്ഥനക്ക് സൗകര്യം ഒരുക്കുക, അതോടൊപ്പം പരിസരവാസികൾക്കും നിസ്കാരത്തിന് കൂടുതൽ മെച്ചപ്പെട്ട സംവിധാനം ഒരുക്കുക എന്നീ ലക്ഷ്യം മുൻനിർത്തിയാണ് മൂലക്കോട് പുതിയ പള്ളി നിർമ്മിച്ചത്.അത്താണിക്കൽ എം ഐ സി കോംപ്ലക്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നിർമ്മിച്ച മസ്ജിദിന്റെ പരിപാലന ചുമതല അത്താണിക്കൽ മഹല്ല് കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിലാണ് നിർവ്വഹിക്കപ്പെടുക

മസ്ജിദിന്റെ ഉദ്ഘാടനം 2024 നവംബർ 11 ന് തിങ്കളാഴ്ച മഗ്രിബ് നിസ്കാരത്തിന് നേതൃത്വം നൽകി ബഹുമാനപ്പെട്ട പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവ്വഹിക്കും.




മജ്ലിസ് ഫെസ്റ്റ 2024ൽ നടത്തിയ പരിപാടിയിൽ ആഡ് ഷൂട്ടിലും ലോഗോ ഡിസൈനിങ്ങിലും പങ്കെടുത്ത എം ഐ സി യിലെ മാസ്സ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്മെന്റിലെ വിദ്യാർത്ഥികളായ ഷിഫ്നയും മുഫീദയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**Editorial Board**

Chief Editor : Ameer Ali A K (HoD, JMC)
Editors : Suhailudheen T, Jumana T (Asst. Prof. JMC)
Members : Shifna, Mufeeda, (2nd pg MA JMC) Salva, Milhaan, Aparna, Irshad, Divya (1st pg MA JMC)